ശ്രീ. കെ. കൊച്ചുകുട്ടൻ : അവർക്കിതുമാത്രമല്ല, വേറെയും ജോലിയുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : (സി) വിഭാഗത്തിപറയുന്ന റിസർവ്വിൽ ഏതെങ്കിലും ഭാഗം ആർക്കെങ്കിലും കുറെ കുറ്റമായി കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു നോട്ടീസ് വേണം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : മറ്റതല്ലറയെന്നല്ല, കുഞ്ഞൻ പാറയെന്നാണ് ആ സ്ഥലത്തിന്റെ പേരു് എന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഞാൻ അതിനെപ്പറ്റി സ്പെഷ്യൽ നടത്തിയിട്ടില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : പലയാർക്കോട്ട തന്നെ റിസർവ്വാക്കി വച്ചിരിക്കയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനും നോട്ടീസ് വേണം.

ശ്രീ. പി. കെ. ചാത്തൻ : 1955-56-ാം വർഷത്തിൽ ഒരൊറ്റ കോളനിയും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നാണോ പറയുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതുവരെ സ്ഥലത്തു ധാരാളം വൃക്ഷങ്ങൾ ഉള്ളതുകൊണ്ടു് സ്ഥാപിച്ചില്ല എന്നാണു പറഞ്ഞതു്. ഇനി ഈ രണ്ടുമാസക്കാലത്തിനുള്ളിൽ ഏതെങ്കിലും സ്ഥാപിക്കാനൊക്കുമോയെന്നുള്ള കാര്യവും സംശയമാണ്.

ശ്രീ. പി. കെ. ചാത്തൻ : മരങ്ങളില്ലാത്ത സ്ഥലത്തു കോളനൈസേഷൻ നടപ്പാക്കുന്നതിൽ എന്താണു വിഷമമുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : കോളനൈസേഷൻ പദ്ധതി നടപ്പിൽ വരുത്തുന്ന കാര്യത്തെപ്പറ്റിയാണു് ഈ ചോദ്യം. 75 ഏക്കർ സ്ഥലം ഒന്നായി വന്നാലെ കോളനൈസേഷൻ പദ്ധതി നടപ്പിൽവരുത്തുവാൻ കഴിയുകയുള്ളൂ. ഹരിജന കോളനികളെ ഉദ്ദേശിച്ചുള്ള ചോദ്യം.

പഞ്ചായത്താഫീസറന്മാരെപ്പറ്റി പരാതികൾ.

* 705. [15] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു് ഉദ്യോഗസ്ഥഭരണവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) പഞ്ചായത്താഫീസറന്മാരെ നിയമിച്ച പഞ്ചായത്തുകളിൽനിന്നു് ഏതെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എത്ര ആഫീസറന്മാരെപ്പറ്റി പരാതി ഉണ്ടായി; ഏതെല്ലാം ആഫീസറന്മാരെപ്പറ്റി എന്തെല്ലാം പരാതികളാണുണ്ടായിട്ടുള്ളതെന്നു പറയുമോ;

(ബി) മണ്ണൂർ പഞ്ചായത്താഫീസറെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടോ; എത്ര പരാതി കിട്ടി; അതിന്മേൽ അന്വേഷണം നടത്തിയോ; ടി ആഫീസറുടെ മേൽ എന്തെങ്കിലും നടപടി എടുത്തോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആഫീസറന്മാർ പഞ്ചായത്തുകളുടെ പ്രമേയങ്ങളെ ധിക്കരിച്ചു കൊണ്ട് പിരിക്കുന്നതായും ക്ലാർക്കിനെയും പ്യൂണിനെയും നിയമിക്കുകയും പിരിച്ചുവിടുകയും ചെയ്യുന്നതായും പരാതി ഉണ്ടായിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) എടനാടിമംഗലം, ഗുരുവായൂർ, പിരുപ്പുറം എന്നീ മൂന്നു പഞ്ചായത്താഫീസുകളിലെ ആഫീസറന്മാർ ചട്ടത്തിനുവിരുദ്ധമായി പ്രവർത്തിച്ചു എന്നു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മണ്ണൂർ പഞ്ചായത്താഫീസറെപ്പറ്റി പരാതി കിട്ടിയില്ല.

(സി) പരാതി കിട്ടിയിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ലഭിച്ചിട്ടുള്ള പരാതികളെപ്പറ്റി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെപ്പറ്റി അന്വേഷണങ്ങൾ നടത്തി. ഗുരുവായൂർ പഞ്ചായത്തിലെ ആഫീസറെപ്പറ്റിയുള്ള പരാതി, ഒരു ദിവസം പഞ്ചായത്തു് 3 മണിക്കാണു കൂടിയതെന്നും 8 മണിവരെ അതു തുടർന്നുകൊണ്ടിരുന്നു എന്നും എട്ടുമണിക്കുമേലും അതു തുടർന്നുകൊണ്ടുപോകുന്നതുകണ്ടപ്പോൾ പഞ്ചായത്താഫീസർ സ്ഥലം വിട്ടു എന്നുമാണു്. അതെപ്പറ്റി അന്വേഷിച്ചു. മേലാൽ ഈമാതിരി ഉണ്ടാകരുതെന്നു് ആഫീസർക്കു നിർദ്ദേശം നൽകിയിരിക്കയാണു്.

മെയിന്റനൻസ് ചെലവു്

* 706. [17] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എല്ലാ വി. ആർ. ഡി. റോഡുകൾക്കും മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രതിവർഷം എത്ര രൂപ വീതം ഒരു മൈലിനു് അനുവദിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) വി. ആർ. ഡി. പദ്ധതി അനുസരിച്ചു് പൂർത്തിയാക്കിയിട്ടുള്ളതും പി. ഡബ്ലിയു. ഡി. ഏറ്റെടുത്തിട്ടുള്ളതുമായ റോഡുകൾക്കു മെയിന്റനൻസു ഗ്രാന്റു് അനുവദിക്കാറുണ്ടു്.

(ബി) 300 രൂപ.

ശ്രീ. ടി. എ. മജീദ് : പല റോഡുകളും പൂർത്തിയാക്കിയതിനു ശേഷം പി. ഡബ്ലിയു. ഡി. ഏറ്റെടുക്കാതെയുണ്ടെന്നറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഏറ്റെടുക്കാത്ത റോഡുകൾ ഒരുപക്ഷേ ഉണ്ടായിരിക്കാം.

ശ്രീ. ടി. എ. മജീദ് : അങ്ങനെയുള്ള റോഡുകൾക്കുകൂടി മെയിന്റനൻസുഗ്രാന്റു് അനുവദിക്കുവാൻ ഗവണ്മെന്റു തയാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly